(ബി) രാജ്യത്തെ ഏറ്റവും ഉയർന്ന ബാർ ലൈസൻസ് ഫീസും ഉയർന്ന ആഡംബര നികുതിയും മൂലം സംസ്ഥാനത്ത് എത്തിച്ചേരുന്ന ടൂറിസ്റ്റുകൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ ചെലവഴിക്കുന്ന തുകയേക്കാൾ കുടിയ തുക ചെലവഴിക്കേണ്ടി വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് എത്തിച്ചേരുന്ന ടൂറിസ്റ്റുകളിൽ ഗണ്യമായ വർദ്ധന ഉണ്ടാകുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഈ വർഷം ടൂറിസ്റ്റ് മേഖലയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റാർ ഹോട്ടലുകളെയും, റിസോർട്ടുകളെയും, ഹെറിറ്റേജ് ഹോട്ടലുകളെയും ലൈസൻസ് ഫീസ് കണക്കാക്കുന്നതിൽ സാധാരണ ബാർ ഹോട്ടലുകളിൽ നിന്നും വിഭിന്നമായി കാണണമെന്നതാണ് ടൂറിസം വകുപ്പിന്റെ അഭിപ്രായം. ടൂറിസം വികസനത്തെ ഏറ്റവും അധികം സഹായിക്കുന്ന മേൽത്തരം ഹോട്ടലുകളിൽ ബാർ ലൈസൻസ് ഫീസ് ഗണ്യമായി കുറയ്ക്കേണ്ടതാണ്. മിക്കവാറും മേൽത്തരം ടൂറിസ്റ്റ് ഹോട്ടലുകളിൽ ബാറിൽ നിന്നു കിട്ടുന്ന വരുമാനം ബാർ ലൈസൻസ് ഫീസിനേക്കാൾ വളരെ കുറവാണ്.

(ബി) ഉയർന്ന ബാർ ലൈസൻസ് ഫീസും ആഡംബര നികുതിയും കാരണം ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ വർദ്ധന ഉണ്ടാവുന്നില്ല എന്നു കരുതുന്നില്ല. 2002-നെ അപേക്ഷിച്ച് 2003-ൽ വിദേശ സഞ്ചാരികളുടെ വരവിൽ 26.68 ശതമാനം വർദ്ധനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ 5.44 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. 2004-ാം ആണ്ടിന്റെ ആദ്യപാദത്തിൽ തന്നെ 2003-ലേതിനെ അപേക്ഷിച്ച് 18 ശതമാനം വർദ്ധന വിദേശസഞ്ചാരികളുടെ കാര്യത്തിലും 4.29 ശതമാനം വർദ്ധന സ്വദേശി സഞ്ചാരികളുടെ കാര്യത്തിലും ഉണ്ടായിട്ടുണ്ട്. എന്നാൽ ടൂറിസ്റ്റുകളുടെ ചെലവ് കുറയ്ക്കുന്ന രീതിയിൽ ലൈസൻസ് ഫീസും, ആഡംബര നികുതിയും കുറയ്ക്കുകയാണെങ്കിൽ കൂടുതൽ വർദ്ധന ടൂറിസ്റ്റുകളുടെ വരവിൽ ഉണ്ടാകുമെന്നു തന്നെയാണ് കരുതുന്നത്.

(സി) 2003-ൽ ടൂറിസം മേഖലയിൽ നിന്ന് 5938 കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. 2004-ൽ 10 ശതമാനം വർദ്ധനയോടെ വരുമാനം 6500 കോടി രൂപയോളമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് നഗരത്തിൽ ഡ്രീം സിറ്റി പ്രോജക്ട്

15 [1793] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഡ്രീം സിറ്റി പ്രോജക്ട് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുക്കൽ നടപടികൾക്ക് ആരംഭം കുറിയ്ക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പദ്ധതിക്ക് രൂപം നൽകുന്നതാണ്.

കോഴിക്കോട് ഡ്രീം സിറ്റി

16 [1794] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

" എ. പി. അനിൽകുമാർ:

" കെ. മുഹമ്മദാലി:

" വർക്കല കഹാർ:

" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ഒരു ഡ്രീം സിറ്റിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇതു സംബന്ധിച്ച ജോലികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുക്കൽ നടപടിക്ക് ആരംഭം കുറിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബി.ഒ.എം. അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു ഏജൻസിയെയും തിരഞ്ഞെടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly